(ഇ) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്നപ്രകാരമാണ് അംഗീകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ആയതുപ്രകാരം സ്കൂളുകൾ പെരുകുന്നതിന് കാരണമാകുന്നുവെന്ന വാദത്തിന് അടിസ്ഥാനമില്ലെന്ന് വിലയിരുത്തിയിട്ടുണ്ട്.

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

104 (3015) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) മാനദണ്ഡം ലംഘിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സിലബസ് പ്രകാരം അദ്ധ്യയനം നടത്തുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ.(കൈ) നമ്പർ 184/2013/പൊ.വി.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗീകാരത്തിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. . (പകർപ്പ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെ എൻ.ഒ.സി. (ആക്ഷേപരഹിത പത്രം) നൽകുന്നതിനായി 7-10-2013-ലെ ജി.ഒ.(എംഎസ്.) 202/11/പൊ.വി. പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം - 2 ആയി ഉള്ളടക്കം ചെയ്യുന്നു.*)

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂളിനും സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ സാധ്യമല്ല. വിദ്യാഭ്യാസ അവകാശ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-1-2015 വരെയും സ്റ്റേറ്റ് സിലബസ് പിൻതുടരുന്ന, സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-12-2014 വരെയും ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ വിശദമായി പരിശോധിച്ചശേഷം കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പാഠപുസ്തകങ്ങളുടെ അച്ചടി

105 (3016) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചത് സർക്കാർ പ്രസ്സുകളിൽ അതിന് സംവിധാനങ്ങൾ ഇല്ലാത്തത് കൊണ്ടാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ച നടപടി സർക്കാർ അനുമതിയോടുകൂടി ആയിരുന്നുവോ ; 2013, 2014 വർഷങ്ങളിൽ എത്ര പുസ്തകങ്ങൾ സ്വകാര്യ പ്രസ്സുകൾവഴി അച്ചടിക്കുകയുണ്ടായി ;

(സി) ഇതിനായി ടെണ്ടർ വിളിച്ചിട്ടുണ്ടായിരുന്നുവോ ; ടെണ്ടറുകളിൽ പങ്കെടുത്ത പ്രസ്സുകൾ ഏതൊക്കെയായിരുന്നു ; വർക്ക് അവാർഡ് ചെയ്ത് ഏതെല്ലാം പ്രസ്സുകൾക്ക് എന്ത് നിരക്കിലായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) അച്ചടി ഏറ്റെടുത്ത പ്രസ്സുകൾ യഥാസമയംതന്നെ എല്ലാ പാഠപുസ്തകങ്ങളും അച്ചടിച്ച് നൽകുകയുണ്ടായോ ;

(ഇ) പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2008-09 അദ്ധ്യയന വർഷം മുതൽ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് സമയബന്ധിതമായി സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള ചുമതല, പൊതുമേഖലാ സ്ഥാപനമായ സി-ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ടെണ്ടർ വിളിച്ചിരുന്നു. സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം, എസ്.ടി. റെഡ്യാർ ആന്റ് സൺസ് (വി.വി.എസ്) പബ്ലിക്കേഷൻസ് ആന്റ് കമ്പ്യൂട്ടറൈസ്ഡ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, എറണാകുളം, രാഷ്ട്രദീപിക, കോട്ടയം എന്നീ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly